## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1842 16.02.2016-ലെ മറുപടിയ്ക്ക്**
**"സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.എ. വാഹിദ് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. അമരവിളയിൽ സംയോജിത ഇൻ, ഔട്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 01.09.2011-ൽ ആരംഭിച്ചു. വാഹന പരിശോധനയ്ക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം 27.11.2012-മുതൽ അമരവിള ടോൾ ജംഗ്ഷനിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക ചരക്ക് വാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്ക് നീക്കം സുഗമവും വേഗത്തിലുമാക്കുക, ചരക്ക് വാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് പരമാവധി ഇല്ലാതാക്കുക തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന ഒരേസമയം നടക്കുമെന്നുള്ളതിനാൽ പരിശോധനാ സമയം കാര്യമായി കുറയുകയും ആയതിനെ തുടർന്ന് വാഹനങ്ങൾ വേഗത്തിൽ കടത്തിവിടുന്നതിന് സാധ്യമാവുകയും ചെയ്യും. കേന്ദ്രീകൃത പരിശോധനയ്ക്കായി അത്യാധുനിക സംവിധാനങ്ങളും പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കും. |

-2

| | | | |
|---|---|---|---|
| (സി) | ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ? | (സി) | സംസ്ഥാനത്തെ പ്രധാന ചെക്ക്പോസ്റ്റുകളായ വാളയാർ, മുത്തങ്ങ, ബംഗ്രമഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നിവ സംയോജിത ചെക്ക്പോസ്റ്റാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br>ബംഗ്രമഞ്ചേശ്വരത്ത് സംയോജിത ചെക്ക്പോസ്റ്റിനായി 9.33 ഏക്കർ സ്ഥലം ഏറ്റെടുത്തു. ഇവിടെ സംയോജിത ചെക്ക്പോസ്റ്റിന്റെ നിർമ്മാണത്തിനായി NATPAC -നെക്കൊണ്ട് പഠനം നടത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കി ഒരു ഗവൺമെന്റ് അംഗീകൃത ഏജൻസി മുഖാന്തിരം NATPAC -നെ കൺസൾട്ടൻസിയായി അംഗീകരിച്ച് ഒരു മാർഗ്ഗദർശക പദ്ധതിയായി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു.<br>വാളയാറിൽ സംയോജിത ഇൻ ചെക്ക്പോസ്റ്റിനായി കണ്ടെത്തിയ 12.49 ഹെക്ടർ സ്ഥലം പാരിസ്ഥിതിക ആഘാതമുള്ളതാണെന്ന് നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ വാണിജ്യ നികുതി വകുപ്പിന്റെ കൈവശമുള്ള വാളയാർ ഔട്ട് ചെക്ക്പോസ്റ്റിലെ 1.3 ഏക്കർ സ്ഥലത്ത് ചെക്ക്പോസ്റ്റ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുത്തങ്ങയിൽ സംയോജിത ചെക്ക്പോസ്റ്റിനുവേണ്ടി 7.96 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി 7,27,60,000/- രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.<br>ആര്യങ്കാവിൽ സംയോജിത ചെക്ക്പോസ്റ്റിന് വേണ്ടി തെന്മലയിലെ വനഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്തതിനാൽ നിലവിലെ ചെക്ക്പോസ്റ്റ് നവീകരിച്ച് സംയോജിത ചെക്ക്പോസ്റ്റാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

-3

| | | | |
|---|---|---|---|
| | | | വഴിക്കടവിൽ സംയോജിത ചെക്ക് പോസ്റ്റിനായി വനംവകുപ്പിന്റെ ഭൂമി ലഭ്യമല്ലാത്തതിനാൽ സ്വകാര്യ ഭൂമി കണ്ടെത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**